## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2933** **24-02-2026 - ൽ മറുപടിയ്ക്ക്**

## മാവേലിക്കര മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നടത്തിയ വിവിധ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2020-21 മുതൽ നാളിതുവരെ സാംസ്കാരിക വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ വിവിധ പദ്ധതികൾ മുഖേന അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | **1)ആലപ്പുഴ പി കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം**<br><br>നവോത്ഥാന നായകന്മാരുടെ നാമധേയത്തിൽ ജില്ലകൾ തോറും സാംസ്കാരിക സമുച്ചയം സ്ഥാപിക്കൽ പദ്ധതിയിൽ ഉൾപ്പെട്ട ആലപ്പുഴ പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയത്തിനു വേണ്ടി സ.ഉ.(കൈ) നം. 14/2023/RD തീയതി 23.01.2023 ഉത്തരവ് പ്രകാരം മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം വില്ലേജിൽ റിസർവ്വേ നമ്പർ 18/30 ൽപ്പെട്ട 5 ഏക്കർ ഭൂമി സാംസ്കാരിക വകുപ്പിന് അനുവദിക്കുകയും ഭൂമി വകുപ്പിന് കൈമാറി കിട്ടുകയും ചെയ്തിട്ടുണ്ട്. സമുച്ചയ നിർമ്മാണത്തിനുള്ള ആദ്യപടിയായി ഡിസൈനും കൺസപ്റ്റ് നോട്ടും വാസ്തുവിദ്യാ ഗുരുകുലം തയ്യാറാക്കിയിട്ടുണ്ട്. അത് പ്രകാരം ഡി പി ആർ ലഭ്യമാക്കുന്നതിനായി പദ്ധതിയുടെ എസ്.പി.വിയായ കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡി.പി.ആർ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.<br><br>2) കലാകാരന്മാർക്ക് ഒരു അഭയകേന്ദ്രം<br><br>ജീവിതത്തിന്റെ വസന്തകാലം കലയ്ക്കായി സമർപ്പിക്കുകയും ജീവിത സായാഹ്നത്തിൽ ഒറ്റപ്പെടുകയും ചെയ്ത കലാകാരന്മാർക്ക് അഭയസ്ഥാനമൊരുക്കുന്നതിനുമായി ആവിഷ്കരിച്ച പദ്ധതി ആണ് അഭയഗ്രാമം പദ്ധതി. ടി പദ്ധതിയ്ക്കായി ആലപ്പുഴ ജില്ലയിലെ നൂറനാട് പി കൃഷ്ണപിള്ള സാംസ്കാരിക നിലയത്തിനായി കണ്ടെത്തിയ ഭൂമിയിൽ നിന്നും 50 സെന്റ് സ്ഥലം വിനിയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>അഭയകേന്ദ്രം പദ്ധതിയ്ക്കായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ പ്രൈസ് സോഫ്റ്റ് വെയറിൽ |

| | | | |
|---|---|---|---|
| | | | തയ്യാറാക്കിയ 10,99,99,000/- രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ